**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1837** **11-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിൽ ഗ്രാമവണ്ടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവണ്ടി പദ്ധതി നിലവിൽ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | കെ.എസ്.ആർ.ടി.സി.യും കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 19 യൂണിറ്റുകളിലായി 23 ഗ്രാമവണ്ടി സർവീസ് ആരംഭിച്ചിരുന്നു. എന്നാൽ കൊല്ലം, നിലമ്പൂർ എന്നീ യൂണിറ്റുകളിൽ നിന്നുള്ള ഗ്രാമവണ്ടി സർവീസുകളുടെ ഡീസൽ തുക ലഭ്യമാക്കാത്തതിനാൽ യഥാക്രമം 09.09.2024, 16.08.2024 എന്നീ തീയതി മുതൽ നിർത്തിവച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം യൂണിറ്റിലെ ഗ്രാമവണ്ടി സർവീസ് തുടർന്ന് നടത്തേണ്ടതില്ല എന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ഗ്രാമവണ്ടി സർവീസും നിർത്തി വച്ചിട്ടുണ്ട്. മറ്റ് 20 ഗ്രാമവണ്ടി സർവീസുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നു. |
| (ബി) | ഗ്രാമവണ്ടി പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | കണ്ണൂർ ജില്ലയിൽ നിലവിൽ ആറളം ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കണ്ണൂർ-ആറളം ഫാം ഗ്രാമവണ്ടി സർവീസ് 11.04.2023 മുതൽ സർവീസ് നടത്തി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്നതിനും, തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ സർവീസ് നടത്തുന്ന ടി ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് അനുമതി നൽകി സ.ഉ. (സാധാ) നം. 704/2022/LSGD, തീയതി 22.03.2022 പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. പദ്ധതിയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ |

ചെയ്യാവുന്നതുമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. സർവ്വീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.
2. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.
3. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവീസ് നടത്തിയിരിക്കേണ്ടതാണ്.
4. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ് തുടങ്ങി ഡീസൽ ഒഴികെ മറ്റ് എല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കും.
5. നിലവിൽ സർക്കാർ നിശ്ചയിച്ച ടിക്കറ്റ് നിരക്ക് മാത്രം ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവയ്ക്കനുസരിച്ചാണ് സർവ്വീസുകൾ നടത്തുന്നത്.
6. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുസരിച്ച് 24 seater, 32 seater, സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്.
7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുനിന്നും സർവ്വീസ് നടത്തുന്നതാണ്.
8. തുടക്കത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ബസ്സുകൾ (34 മുതൽ 48 സീറ്റുകൾ) ഉപയോഗിച്ച് ഡിപ്പോയിൽ നിന്നും തന്നെ ആരംഭിക്കുവാൻ കഴിയുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകും.
9. രണ്ടാം ഘട്ടത്തിൽ ഇത്തരത്തിൽ ഡിപ്പോയിൽ നിന്നല്ലാതെ ഗ്രാമപഞ്ചായത്തുകൾ ക്രമീകരിക്കുന്ന സ്റ്റേ സൗകര്യമുള്ള പ്രദേശങ്ങളിൽ നിന്നു കൂടി ആരംഭിക്കുന്ന സർവ്വീസുകൾ പരിഗണിക്കുന്നതാണ്.
10. മൂന്നാം ഘട്ടത്തിൽ മിനി ബസ്സുകൾ (24 സീറ്റ്) ലഭ്യമാക്കി വീതി കുറഞ്ഞ റോഡുകളിൽ കൂടി മേൽ പ്രതിപാദിച്ച തരത്തിൽ തന്നെ ഗ്രാമവണ്ടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.
11. ചുവപ്പ്, മഞ്ഞ നിറങ്ങൾ നൽകി എല്ലാ ഗ്രാമവണ്ടികൾക്കും ഒരേ ഡിസൈൻ നിശ്ചയിച്ചിട്ടുണ്ട്.

12. ഡീസൽ തുക സ്പോൺസർ ചെയ്യുന്നതാണെങ്കിൽ ആ സ്ഥാപനത്തിന്റെ / വ്യക്തിയുടെ പേര്, വിശദാംശങ്ങൾ എന്നിവ നിശ്ചിത വലിപ്പത്തിൽ ബസ്സിൽ പ്രദർശിപ്പിക്കുവാൻ അനുവദിക്കും.
13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും, പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.
14. കെ.എസ്.ആർ.ടി.സി. പമ്പിൽ നിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിയ്ക്കകം മുൻ മാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയാൽ മതിയാകും.
15. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റ്റും, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.
16. അതത് തദ്ദേശ സ്ഥാപനങ്ങൾ ബഹു. MLA-മാർ മുഖാന്തിരം നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകും.
17. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തിരം ആണ് നടക്കുക. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ / ചെയർപേഴ്സൺ / മേയർ ചെയർമാനായും, സെക്രട്ടറി കൺവീനർ ആയും, എല്ലാ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, കെ.എസ്.ആർ.ടി.സി.യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ദ്ധനേയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളേയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ. / എം.എൽ.എ.-മാർ, ജില്ലാ / ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കുന്ന

| | | | |
|---|---|---|---|
| | | | തരത്തിലാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ